# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATURE.***

# CONTENTS

VOL. XLVI | DECEMBER 2016 | No. 12


| | ARTICLES | page |
|---|---|---|
| കെ.എൻ.വ്യാസ്, എം. രമണമൂർത്തി | അണുശക്തിയിലൂടെ രാഷ്ട്ര സേവനം [യോജന, 2016 ഡിസംബർ] | 1-15 |
| അരവിന്ദ് ഗോപിനാഥ് | ജനാധിപത്യത്തിന് എവിടെയാണ് പിഴച്ചത്? [മലയാളം, 2016 ഡിസംബർ 19 ] | 16-27 |
| Dola Mitra and Arushi Bedi | Buying Wombs and Babies [Outlook, December 12, 2016] | 28-34 |
| R.Krishnakumar | Blocked artery [Frontline, December 23,2016] | 35-42 |
| Mini P. Thomas | Blood trail [The Week, December 4, 2016] | 43-50 |
| | **BOOK REVIEW** | |
| Shobhit Mahajan | A Man of Science, But with No Art of Storytelling- [Book Review on "A Life in Science" written by C.N.R. Rao] [Outlook, December 12, 2016] | 51-55 |
| | Legislative Business - Order of the Speaker on the resignation of Sarvashri Wanglam Sawin and Gabriel D Wangsu, members of the Arunachal Pradesh Legislative Assembly. | 56-73 |



# അണുശക്തിയിലൂടെ രാഷ്ട്ര സേവനം

കെ.എൻ.വ്യാസ്, എം രമണമൂർത്തി

“ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ വ്യവസായവത്ക്കരണ പുരോഗതിക്കും നമ്മുടെ സംസ്കാരത്തിന്റെ തുടർച്ചയ്ക്കും അതിന്റെ അധിക വികസനത്തിനും ആണവോർജ്ജം ഒരു കേവല സഹായം മാത്രമല്ല, അടിയന്തര ആവശ്യം കൂടിയാണ്. ആണവോർജ്ജത്തെ എങ്ങനെ പുറത്തുവിടാമെന്നും ഉപയോഗിക്കാമെന്നുമുള്ള അറിവ് മനുഷ്യ രാശി നേടിയ മുഹൂർത്തമാണ് മനുഷ്യ ചരിത്രത്തിലെ മൂന്നാം യുഗപ്പിറവി”- ഹോമി ജഹാംഗീർ ഭാഭയുടെ വാക്കുകളാണിത്.

ഏതൊരു രാഷ്ട്രത്തിന്റെയും സാമൂഹിക, സാമ്പത്തിക വളർച്ചയ്ക്ക് അടിസ്ഥാനം ആ രാജ്യത്തിൻറ ശാസ്ത്ര സാങ്കേതിക ശേഷിയാണ്.20-ാം നൂറ്റാണ്ടിൻറെ ആദ്യ കാലം, അതായത് ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ മഹത്തായ യുഗം, പിറന്നു വീണത് അതിർത്തികൾ ഭേദിച്ച് പ്രകൃതിയെ അടുത്തറിയാനുള്ള മനുഷ്യരാശിയുടെ ദാഹത്തിൽ നിന്നാണ്. പര്യവേഷണത്തിനും അറിയാനും ഒരു പക്ഷെ പ്രകൃതി ശക്തികളെ കീഴടക്കാനുമുള്ള, മനുഷ്യന്റെ നൈസർഗ്ഗിക വാസന വിവിധ മേഖലകളിലെ വൈവിധ്യമാർന്ന ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കുകയുണ്ടായി. പ്രകൃതിയിലെ ഏറ്റവും സൂക്ഷ്മ വിവരങ്ങൾ പോലും മനസ്സിലാക്കാനുള്ള ഈ ആകാംക്ഷയാണ് അണു ഘടനയെ കണ്ടെത്താൻ കാരണമായത്. ഒരു ന്യൂക്ലിയസും അതിനു ചുറ്റും കൃത്യഭ്രമണപഥത്തിൽ സഞ്ചരിക്കുന്ന ഇലക്ട്രോണുകളും അടങ്ങുന്ന ശക്തി കേന്ദ്രമാണ് ഓരോ അണു കണികയും എന്ന് ശാസ്ത്രജ്ഞന്മാരായ റൂഥർഫോർഡും ഭോറും (Rutherford and Bohr) ചേർന്ന് കണ്ടെത്തി. സ്വാഭാവിക റേഡിയോ ആക്ടീവതയും നൈസർഗ്ഗിക അണുവിഭജനവും ബെക്വരലും (Becquerel) റൂഥർഫോഡും യഥാക്രമം നേരത്തെ



പ്രസ്താവിച്ചിരുന്നു. എന്നാൽ 1932 ൽ ചാഡ്വിക്ക് (Chadwick) ന്യൂട്രോണുകൾ കണ്ടുപിടിച്ചതോടെയാണ് ആണവശാസ്ത്രം എന്ന ശാസ്ത്ര ശാഖയ്ക്ക് തുടക്കമായത്.

ഐൻസ്റ്റീനാണ് ഊർജ്ജത്തിന്റെയും പിണ്ഡത്തിന്റെയും താരതമ്യം കണ്ടെത്തി ലോകത്തിനു മുന്നിൽ സമർപ്പിച്ചത്. മാത്രവുമല്ല, പിണ്ഡത്തിൽ ശേഖരിച്ചിരിക്കുന്ന വൻതോതിലുള്ള ഊർജ്ജം ഉപയോഗപ്പെടുത്താൻ സാധിക്കുമെന്ന് അദ്ദേഹം ഊഹിക്കുകയും ചെയ്തു. സ്ഥിര ന്യൂക്ലിയസ്സിനെ ആൽഫാ കണികകൾ ഉപയോഗിച്ച് തകർത്താൽ കൃത്രിമ റേഡിയോ ആക്ടിവതയ്ക്ക് കാരണമാകാമെന്നു 1934 ൽ ക്യൂറി ദമ്പതികൾ കണ്ടെത്തിയിരുന്നു. ആണവ വിഭജനത്തിലൂടെ വൻ തോതിൽ ഊർജ്ജം ഉണ്ടാകുമെന്ന് 1938 ൽ ഹാഹനും, ഫ്രിറ്റ്സ് സ്ട്രസ്മാനും പ്രസ്താവിച്ചപ്പോൾ ആണവ ശൃംഖലാ പ്രതിപ്രവർത്തനത്തെ കുറിച്ച് ലിയോ സീലാർഡും എന്റിക്കോ ഫെർമിയും കണ്ടുപിടിത്തങ്ങൾ നടത്തിയിരുന്നു, ഇതെല്ലാം ആത്യന്തികമായി എത്തിച്ചേർന്നത് ലോകത്തെ മാറ്റി മറിച്ച 1945 ലെ ആദ്യ ആണവ ആയുധ നിർമ്മാണത്തിലാണ് എന്നത് ചരിത്രം. അങ്ങനെ സ്വയം വിനാശകാരിയായ പൈശാചിക ആയുധങ്ങളുമായി മനുഷ്യ ചരിത്രത്തിലെ ഒരു പുതുയുഗം പിറന്നു. പ്രകൃതിയുടെ ശക്തിയെ മനുഷ്യനു മുന്നിൽ വെളിപ്പെടുത്തിയ കണ്ടുപിടിത്തമായി അത് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു.

## ആണവ ശക്തി സമാധാനത്തിന് ഒരു സാങ്കല്പിക ചിത്രം

ഓരോ പ്രശ്നങ്ങളിൽ നിന്നും സന്ദർഭത്തിനനുസൃതമായി അതിനുള്ള പുതിയ പരിഹാരങ്ങളും പ്രതീക്ഷകളും ഉയിർകൊള്ളും. 20-ാം നൂറ്റാണ്ടിൽ ഉണ്ടായ രണ്ടു മഹായുദ്ധങ്ങളും മനുഷ്യത്വമില്ലായ്മയുടെയും ക്രൂരതയുടെയും പ്രതീകമായിരുന്നു.ദശലക്ഷക്കണക്കിന് മനുഷ്യർ കിരാതമായി കൊന്നൊടുക്കപ്പെട്ടു.



1945 ൽ ജപ്പാനിൽ വർഷിക്കപ്പെട്ട രണ്ട് അണുബോംബുകളുടെയും അതിഭീകരമായ ആഘാതങ്ങൾ ലോകമനസാക്ഷിയെ ഞെട്ടിപ്പിക്കുകയും മനുഷ്യരാശിയുടെ കണ്ണുതുറപ്പിക്കുകയും ചെയ്തു. ഇത്രവലിയ കൂട്ടക്കുരുതി അതിനു മുമ്പ് ഒരിക്കലും സംഭവിച്ചിരുന്നില്ല,

അശാന്തിയുടെ ആ നാളുകൾക്കു ശേഷം പ്രതീക്ഷയുടെ പുലരികൾ ഉദയം ചെയ്തു. ആണവ ഊർജ്ജം സമാധാനപരമായ ലക്ഷ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിന് ലോകം ഒരുങ്ങി. ഐക്യരാഷ്ട്രസഭയുടെ 470-ാം പ്ലീനറി സമ്മേളനത്തിൽ ആണവോർജ്ജം സമാധാനത്തിന് എന്ന മുദ്രാവാക്യം മുന്നോട്ട് വച്ചത് 1953 ൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഡൈ്വറ്റ് ഡി ഐസനോവർ ആണ്. അന്ന് സമ്മേളനത്തിന്റെ അധ്യക്ഷ ഇന്ത്യാക്കാരിയായ ശ്രീമതി വിജയലക്ഷ്മി പണ്ഡിറ്റ് ആയിരുന്നു. ആണവോർജ്ജത്തെ സമാധാനപരമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കണമെന്ന് പ്രസംഗത്തിൽ ഐസനോവർ ഊന്നിപ്പറഞ്ഞു. ഇത് മനുഷ്യരുടെ നാശത്തിനല്ല, അവന്റെ ജീവനു വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. ആ ലക്ഷ്യത്തിനായി അത്ഭുതകരമായ ഈ കണ്ടുപിടിത്തത്തിന്റെ സാധ്യതകളെ തിരിച്ചുവിടണം. ഇതേ തുടർന്നാണ് 1955 ൽ യു എൻ ചാർട്ടർ ജനീവ സമ്മേളനത്തിൽ അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി (IAEA) സ്ഥാപിതമായത്.ഇന്ത്യൻ ആണവോർജ്ജ പദ്ധതിയുടെ പിതാവ് എന്ന് അറിയപ്പെടുന്ന ഡോ.ഹോമി ഭാഭയായിരുന്നു ആ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ. ആണവായുധങ്ങളുടെ നിർവ്യാപനം, ആണവോർജ്ജത്തിന്റെ സത്ഫലങ്ങളെ മനുഷ്യരാശിയുടെ നന്മയ്ക്കായി വിനിയോഗിക്കാൻ തുടങ്ങിയ മഹത്തായ ലക്ഷ്യങ്ങളായിരുന്നു അന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിക്ക് ഉണ്ടായിരുന്നത്.

ഭരണാധിപനും ക്രാന്തദർശിയും ശാസ്ത്രജ്ഞനുമായ ഡോ.ഹോമി ജഹാംഗീർ ഭാഭ എന്ന ഇതിഹാസ പ്രതിഭയുടെ നേതൃത്വത്തിൽ 1954 ലാണ് ഇന്ത്യൻ ആണവോർജ്ജ പദ്ധതിയുടെ ജൈത്രയാത്ര ആരംഭിക്കുന്നത്. ആണവോർജ്ജത്തെ



വിവിധ ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് ഈ മേഖലയിൽ ഒട്ടുവളരെ നേട്ടങ്ങൾ നാം കൈവരിച്ചുകഴിഞ്ഞു. ഭക്ഷ്യ സുരക്ഷ, ഊർജ്ജ സുരക്ഷ, ദേശ സുരക്ഷ എന്നിവയ്ക്കൊപ്പം വൈദ്യശാസ്ത്ര, സാമൂഹിക, വ്യാവസായിക മേഖലകളിലും ഇത് നാം ഉപയോഗിക്കുന്നു. ആണവവോർജ്ജ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരണമല്ല ഈ ലേഖനത്തിലുള്ളത്. അതിനുപരി രാജ്യത്തിന്റെ ആണവ ഊർജ്ജ പദ്ധതിയുടെ ഭാഗമായി റേഡിയേഷൻ സാങ്കേതിക വിദ്യ നമ്മുടെ പൗരജീവിതത്തെ എത്രത്തോളം മെച്ചപ്പെടുത്തുന്നു എന്ന് അടിവരയിടുക മാത്രമാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്.

## റേഡിയേഷൻ, ഇരുതല മൂർച്ചയുള്ള വാൾ

ആണവ ഊർജ്ജത്തിൽ നിന്നുള്ള വികിരണം നിയന്ത്രിത തോതിൽ കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കാം എന്ന് ആണവ വിസ്ഫോടനത്തിനും മുമ്പെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ റേഡിയേഷന്റെ കാൻസർ ചികിത്സാപരമായ ശേഷി ലോകം തിരിച്ചറിഞ്ഞതാണ്. തുടർന്നു വന്ന ദശകങ്ങളിൽ ആണവ വിസ്ഫോടനം നടത്തി ലഭിക്കുന്ന ഊർജ്ജത്തെ വൈദ്യുതിക്കു പകരം ഉപയോഗിച്ചു തുടങ്ങി. ഇതു കൂടാതെ കൃഷി, വൈദ്യശാസ്ത്രം, വ്യവസായം തുടങ്ങി നിരവധി മേഖലകളിൽ ആണവോർജ്ജത്തിന്റെ സമാധാനപരമായ ഉപയോഗം ശാസ്ത്രജ്ഞർ വികസിപ്പിച്ച് എടുക്കുകയും ചെയ്തു. കൃത്രിമമായി ഉത്പാദിപ്പിക്കുന്ന റേഡിയോ ഐസോടോപ്പുകളെ ആശ്രയിച്ചായിരുന്നു ഈ ഉപയോഗം മുഴുവൻ. ആണവ റിയാക്ടറുകളിൽ വിഘടനം വഴിയാണ് കൃത്രിമ റേഡിയോ ഐസോടോപ്പുകളെ സൃഷ്ടിക്കുന്നത്. ഏകദേശം 200 റേഡിയോ ഐസോടോപ്പുകൽ വിവിധ ആവശ്യങ്ങൾക്കായി നാം ഉപയോഗപ്പെടുത്തി വരുന്നു.

.



## ആരോഗ്യ-വൈദ്യശാസ്ത്ര മേഖല

ആണവോർജ്ജം ഏറ്റവും സമാധാനപരമായി ഉപയോഗിക്കപ്പെടുത്തുന്ന മേഖലയാണ് വൈദ്യശാസ്ത്ര മേഖല. ഇന്ത്യയിൽ 500 കേന്ദ്രങ്ങളിലായി പ്രതിവർഷം 6,00,000 രോഗികൾക്ക് റേഡിയേഷൻ ചികിത്സ നല്കുന്നതായാണ് കണക്ക്. ഇതിൽ 270 കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നത് 62 പ്രധാന നഗരങ്ങളിലാണ്.

## ആണവ ഔഷധങ്ങളിലൂടെ രോഗനിർണയം

ആണവ ഔഷധം അഥവാ റേഡിയോ ഫാർമസ്യൂട്ടിക്കൽസ് പ്രത്യേക ചികിത്സാ വിഭാഗമാണ്. നിരവധി രോഗങ്ങളുടെ നിർണയവും തുടർ ചികിത്സയും വേദനാരഹിതമായും സുരക്ഷിതമായും ഇവിടെ നടത്തുന്നു. കുത്തിവയ്പ്പ്, ശ്വസനം തുടങ്ങിയവഴി നേരിയ അളവിൽ ഗാമാ രശ്മികളെ ശരീരത്തിന്റെ രോഗബാധിത മേഖലയിലേയ്ക്ക് മാത്രം കടത്തിവിട്ട് സമീപത്തുള്ള സാധാരണ കോശങ്ങളെ പ്രതികൂലമായി ബാധിക്കാത്ത വിധം രോഗനിർണം സാധ്യമാക്കുന്ന രീതിയാണ് ഇത്. രോഗത്തിന്റെ വളരെ ആരംഭ ദശയിൽ തന്നെ ശാരീരിക പ്രവർത്തനങ്ങളിലെ അസാധാരണത്വം ആണവ മരുന്നുകൾ വഴി തിരിച്ചറിയാൻ കഴിയുന്നു. പ്രത്യേകിച്ച് കാൻസർ, അൾഷിമേഴസ്, പാർക്കിൻസൺസ്, ഹൃദ്രോഗം തുടങ്ങിയവ തുടക്കത്തിലെ കണ്ടുപിടിച്ച് ആരംഭ ദശയിൽ തന്നെ അവയ്ക്ക് ചികിത്സ ലഭ്യമാക്കി രോഗാവസ്ഥയും മരണവും ഒഴിവാക്കാൻ ഈ മാർഗ്ഗം സഹായിക്കുന്നു. ചികിത്സാ മേഖലയിൽ ഉപയോഗിക്കുന്ന സാധാരണ ഐസോടോപ്പുകൾ $^{99}$ mTc, $^{123}$I, $^{201}$TI, $^{111}$In,$^{18}$F എന്നിവയാണ്. ഇതിൽ Technetium-99m ആണ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. കാൻസർ, ഹദ്രോഗ ചികിത്സകളിൽ വ്യാപകമായി ഉപോയോഗിക്കുന്നത് $^{18}$F ആണ്.



## റേഡിയോ ന്യൂക്ലൈഡ് തെറാപ്പി (Targeted Radio Nuclide Therapy)

ബീറ്റ രശ്മികൾ ഉപയോഗിച്ചുള്ള ചികിത്സാ പദ്ധതിയാണിത്. ഇതിൽ $^{131}$I, $^{177}$Lu, $^{32}$P, $^{153}$Sm, $^{188}$Re എന്നിവയാണ് സാധാരണ ഉപയോഗിക്കുന്നത്. ഇതിൽ $^{177}$Lu കാൻസർ ചികിത്സയ്ക്കും $^{153}$Sm-EDTMP, $^{177}$Lu-EDTMP എന്നിവ അസ്ഥി വേദനയ്ക്ക് പാലിയേറ്റീവ് യൂണിറ്റുകളിലും ഉപയോഗിക്കുന്നു. തൈറോയിഡ് ക്ലിനിക്കുകളിൽ ഉപയോഗിക്കുന്നത് $^{131}$I ആണ്. 2015 ൽ മാത്രം രാജ്യത്ത് 40,000 രോഗികൾക്ക് ഈ ചികിത്സ ലഭ്യമാക്കുകയുണ്ടായി.

## റേഡിയേഷൻ ചികിത്സ (Radiation Therapy)

യന്ത്രം ഉപയോഗിച്ച് റേഡിയേഷൻ നടത്തുന്ന ചികിത്സാ രീതിയാണ് ഇത്. ഇവ ശരീരത്തിനുള്ളിലെ കാൻസർ ബാധിത കോശങ്ങളെ കണ്ടെത്തി നശിപ്പിക്കുന്നു.

## എക്സ്റ്റേണൽ ബീം റേഡിയോ തെറാപ്പി
## (External Beam Radio Therapy)

ശരീരത്തിൽ രോഗബാധിതമായ കോശങ്ങളിൽ ശക്തമായ റേഡിയേഷൻ നൽകി രോഗത്തെ ഉന്മൂലനം ചെയ്യുന്ന ചികിത്സാ രീതിയാണിത്. സ്തനാർബുദം, വൻകുടലിലെ അർബുദം, മസ്തിഷ്ക ഭാഗം, കഴുത്ത്, ശ്വാസകോശം തുടങ്ങിയ അവയവങ്ങളിലെ അർബുദത്തിന് ഈ ചികിത്സാ രീതിയാണ് അവലംബിക്കുന്നത്. ഇതിനായി ഭാഭാട്രോൺ (Bhabhatron) എന്ന പേരിൽ ഒരു മെഷീൻ തന്നെ രൂപകല്പന ചെയ്തിട്ടുണ്ട്. രാജ്യത്തെ 50 പ്രമുഖ കാൻസർ ആശുപത്രികളിൽ ഈ മെഷീൻ സ്ഥാപിച്ചിരിക്കുന്നു. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന യന്ത്രങ്ങളെക്കാൾ മികച്ച പ്രവർത്തനമാണ് ഇത് കാഴ്ച്ച വയ്ക്കുന്നത്. രോഗബാധിതമായ കോശങ്ങളെ കണ്ടെത്തുന്നതിന് ഇമേജിൻ (Imagin) എന്ന പേരിൽ മറ്റൊരു മെഷീൻ കൂടി ഉപയോഗിക്കുന്നുണ്ട്. ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് ഈ യന്ത്രം ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തി രോഗാവസ്ഥ നിർണയിക്കും.



## ബ്രാക്കി തെറാപ്പി
## (Brachy Therapy)

സ്തനാർബുദം, പ്രോസ്റ്റേറ്റ് കാൻസർ, ചർമ്മ അർബുദം എന്നീ രോഗങ്ങൾക്ക് റേഡിയേഷൻ ഉപയോഗിക്കുന്ന ചികിത്സാ രീതിയാണ് ബ്രാക്കി തെറാപ്പി. ഇറിഡിയം-192 എന്ന ഐസോടോപ്പ് ആണ് ഇതിന് ഉപയോഗിക്കുന്നത്. റേഡിയേഷനിലൂടെ ബഹിർഗമിക്കുന്ന രശ്മികളുടെ ശേഷി ആഴ്ച്ചകളും മാസങ്ങളും നീണ്ടുനില്ക്കും. ഒടുവിൽ അതിന്റെ ശേഷി കുറഞ്ഞ് പൂജ്യമാകും. അപ്പോഴേയ്ക്കും രോഗത്തിന്റെ ബീജം നിർവീര്യമായി നശിക്കും. പ്രൊസ്റ്റേറ്റ് കാൻസറിനാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്. ഡൽഹിയിലെ AIIMS ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഈ സംവിധാനം ഉപയോഗിക്കുന്നു.

## ഭക്ഷ്യ സുരക്ഷ

മതിപ്പുളവാക്കുന്ന സാമ്പത്തിക വളർച്ചയ്ക്കാണ് ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. എന്നാൽ കുത്തനെ ഉയരുന്ന ജനസംഖ്യാ നിരക്ക് നമ്മുടെ കാർഷിക ഉത്പ്പന്നങ്ങൾക്ക് ഉത്പാദനത്തിൽ കവിഞ്ഞ ആവശ്യമാണ് ഉയർത്തുന്നത്. പക്ഷെ രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നം നമ്മുടെ കാർഷിക മേഖലയിൽ നിന്ന് സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള വിഹിതം ഓരോ വർഷവും കുറയുന്നു എന്നതാണ്. ഇത് ഭക്ഷ്യസുരക്ഷയിൽ വലിയ ആശങ്കയാണ് ഉയർത്തുന്നത്. ഭക്ഷ്യ, പോഷകാഹാര, പാരിസ്ഥിതിക, ഉപജീവന സുരക്ഷയിലൂടെ രാജ്യത്തെ സമഗ്ര വളർച്ച ഉറപ്പു വരുത്തുന്നതിനായി പ്രകൃതി വിഭവങ്ങളുടെ സാങ്കേതികവിദ്യാ നിയന്ത്രിതമായ സുസ്ഥിര നിർവഹണമാണ് അടിയന്തിരമായ ആവശ്യം. കാർഷികോത്പാദന പ്രശ്നം പരിഹരിക്കുന്നതിന് റേഡിയേഷൻ അടിസ്ഥാനമാക്കിയുള്ള സാങ്കേതിക വിദ്യകളെ ആശ്രയിക്കുകയാണ് ഇനിയുള്ള മാർഗ്ഗം.



## ആണവശക്തിയും കൃഷിയും

കഴിഞ്ഞ പല പതിറ്റാണ്ടുകളായി കാർഷിക മേഖലയിൽ റേഡിയേഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുവരുന്നു. രാജ്യത്തെ കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന 42 ഇനം വിത്തുകളുടെ ജനിതക രൂപാന്തരീകരണത്തിന് റേഡിയേഷൻ ഉപയോഗിച്ചുവരുന്നു. നിലക്കടല, കടുക്, ചെറുപയർ, വൻപയർ,സോയാബീൻ, ഉഴുന്ന്, വെള്ളപ്പയർ, സൂര്യകാന്തി, നെല്ല് തുടങ്ങിയവയെ റേഡിയേഷൻ ഉപയോഗിച്ച് കൂടുതൽ വിളവ് ലഭിക്കുന്ന, വലിപ്പമുള്ള, പ്രതിരോധ ശേഷിയുള്ള ഇനങ്ങളായി മാറ്റുന്നതിന് ഈ സാങ്കേതിക വിദ്യ നാം ഉപയോഗിക്കുന്നു. നെല്ല്, ഗോതമ്പ് തുടങ്ങിയ വിളകളിലെ ജനിതക മാറ്റം വൻ തോതിലുള്ള ഉത്പാദന വർധനവിനും രോഗപ്രതിരോധത്തിനും കാരണമായിട്ടുണ്ട്. നേന്ത്രവാഴ, കരിമ്പ്, മുന്തിരി, പൈനാപ്പിൾ, ഉരുളക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകളുടെ നടീൽ വസ്തുക്കൾ വൻതോതിൽ ഉത്പാദിപ്പിക്കുന്നതിനും റേഡിയേഷൻ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു.

## ഭക്ഷ്യ സംസ്കരണം

കീടങ്ങളുടെ ഉപദ്രവമാണ് ഭക്ഷ്യ മേഖല നേരിടുന്ന മറ്റൊരു പ്രതിബന്ധം. ഇന്ത്യയുൾപ്പെടുള്ള ലോക രാജ്യങ്ങളിൽ കാർഷികോത്പാദനത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നു. ഇന്ത്യൻ കാർഷിക മേഖലയിലെ ഏറ്റവും വലിയ ദുരന്തം എന്നത് കീടങ്ങളുടെ ആക്രമണം മൂലം പ്രതിവർഷം 30 ശതമാനത്തോളം ഭക്ഷ്യധാന്യങ്ങൾ നശിക്കുന്നു എന്നതാണ്. ഇത് വിളവെടുപ്പിനു മുമ്പും ശേഷവും സംഭവിക്കുന്നുണ്ട്. ഭക്ഷ്യവിളകളിലും നാണ്യവിളകളിലും കീടങ്ങളുടെ ആക്രമണം നാശം വിതയ്ക്കുന്നു. ഭക്ഷ്യോത്പാദനത്തിൽ വിളവെടുപ്പിനു ശേഷം സംഭവിക്കുന്ന നഷ്ടം പരിഹരിക്കുക വഴി ഉത്പാദനവും ആവശ്യവും തമ്മിലുണ്ടാകുന്ന വിടവ് കുറയ്ക്കാൻ സാധിക്കുന്നു. അതിനാൽ കാർഷികോത്പന്നങ്ങളുടെ സൂക്ഷിപ്പിന് ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ വലിയ പ്രാധാന്യമാണ് ഉള്ളത്. കൃത്രിമ കീട നിയന്ത്രണ മാർഗങ്ങൾ അവലംബിച്ചാൽ അത് മനുഷ്യരുടെ ആരോഗ്യത്തെയും പരിസ്ഥിതിയെയും ഹാനികരമായി



ബാധിക്കുന്നു മാത്രമല്ല അവ കീടങ്ങളുടെ പ്രതിരോധ ശേഷി വർധിപ്പിക്കുകയും ചെയ്യും.

റേഡിയേഷൻ വഴിയുള്ള കീടനിയന്ത്രണ മാർഗ്ഗങ്ങൾ വളരെ ഫലപ്രദവും പരിസ്ഥിതി സൗഹൃദപരവും പ്രായോഗികവും, രാസകീടനാശിനികൾക്കുള്ള ബദൽ സംവിധാനവുമാണ്. കീടങ്ങളെ ഉന്മൂലനം ചെയ്യാൻ രാജ്യത്തിന്റെ ഭക്ഷ്യ വിതരണ ശ്യംഖലയിലുടനീളം ഈ സാങ്കേതിക വിദ്യ നടപ്പിലാക്കി ഭക്ഷ്യ സുരക്ഷ നാം ഉറപ്പാക്കേണ്ടതുണ്ട്. കീടങ്ങളെ തുരത്താൻ ഭക്ഷ്യ ധാന്യങ്ങളിൽ പരിമിതമായ തോതിൽ ആണവ സാങ്കേതിക വിദ്യ ഉപയോഗിക്കണം. ഇതുവഴി മാത്രമെ ഭക്ഷ്യ വസ്തുക്കളിലെ ബാക്ടീരിയകളെ പൂർണ്ണമായി നശിപ്പിക്കാൻ സാധിക്കൂ. പായ്ക്ക് ചെയ്യുന്നതിനു മുമ്പും ശീതീകരണ അവസ്ഥയിലും ഈ പ്രക്രിയ നടത്താം. മറ്റൊരു കാര്യം, നേരിട്ട് ഊർജ്ജനിക്ഷേപമായിട്ടാണ് റേഡിയേഷന്റെ ഫലം ഭക്ഷണ സാധനങ്ങളിൽ പ്രവർത്തിക്കുന്നത് എന്നാണ്. അതിനാൽ ഉത്പ്പന്നത്തിൽ റേഡിയേഷൻ പ്രസരണം നടക്കുന്നില്ല. ഇത്തരത്തിലുള്ള ആണവസാങ്കേതിക വിദ്യ ഇന്റർനാഷണൽ അറ്റോമിക് എനർജി ഏജൻസി (IAEA) ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ (FAO) വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO), വേൾഡ് ട്രേഡ് ഓർഗനൈസേഷൻ (WTO), യൂണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ, ഫുഡ് സ്റ്റാൻഡേർഡ് ഓഫ് ആസ്ട്രേലിയ, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ഓഫ് ഇന്ത്യ തുടങ്ങിയ ദേശീയ അന്തർദേശീയ ഏജൻസികൾ ഭക്ഷ്യസുരക്ഷയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി അംഗീകരിക്കുന്നുണ്ട്. സുഗന്ധവ്യഞ്ജനങ്ങൾ, ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉൾപ്പെടെ അറുപതിലധികം ഭക്ഷ്യസാധനങ്ങളിൽ റേഡിയേഷൻ നിർവ്യാപനം അന്താരാഷ്ട്രതലത്തിൽ നടത്തുന്നുണ്ട്. ഇതിനായി റേഡിയേഷൻ നിർവ്യാപന സാങ്കേതിക വിദ്യ നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതനുസരിച്ച് പഴങ്ങൾ (ലിച്ചി, മാങ്ങ, ചെറി) പച്ചക്കറികൾ (ഉരുളക്കിഴങ്ങ്, ഉള്ളി) കടൽ വിഭവങ്ങൾ, മഞ്ഞൾ, മുളക്, തുടങ്ങിയ ഭക്ഷ്യ സാധനങ്ങൾ



സംസ്കരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നു. 15 ഭക്ഷ്യ റേഡിയേഷൻ നിർവ്യാപന സംവിധാനങ്ങൾ നിലവിൽ ഇന്ത്യയിലുണ്ട്. നാസിക്കിലെ ഒരു യൂണിറ്റിൽ മാങ്ങ, ഉള്ളി, ഉരുളക്കിഴങ്ങ്, എന്നിവയുടെ സംസ്കരണം നടക്കുന്നു. ഇതുവഴി ഈ ഉത്പന്നങ്ങലുടെ സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഇത് ഇവയുടെ അന്താരാഷ്ട്ര വിപണനത്തിലും ഏറെ ഗുണം ചെയ്യുന്നു. ഇത്തരത്തിൽ റേഡിയേഷൻ നിർവ്യാപനം നടത്തുന്ന ഭക്ഷ്യസാധനങ്ങളുടെ അളവ് ഇന്ത്യയിൽ വർദ്ധിച്ചുവരുന്നു. നവി മുംബൈയിലെ വാസിയിൽ 2015 വരെ ഒരു റേഡിയേഷൻ പ്രോസസിംഗ് പ്ലാന്റ് 34000 ടൺ ഉത്പ്പന്നങ്ങളാണ് റേഡിയേഷൻ നിർവ്യാപനം നടത്തിയത്. ഇത്തരത്തിൽ സംസ്കരിച്ച മാമ്പഴം 2007 മുതൽ അമേരിക്കയിലേയ്ക്ക് കയറ്റി അയച്ചു വരുന്നു. രാജ്യത്തെ വിവിധ കാർഷിക സർവ്വകലാശാലകളും സ്ഥാപനങ്ങളും ഈ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നുമുണ്ട്.

പതിറ്റാണ്ടുകൾ കൊണ്ട് രാജ്യത്തെ ഭക്ഷ്യശേഖര ലഭ്യത പതിന്മടങ്ങ് വർദ്ധിച്ചത് നാം നടത്തിയ ഹരിത വിപ്ലവ ഫലമായിരുന്നു. എന്നാൽ വരും വർഷങ്ങളിൽ നാം നേരിടാൻ പോകുന്ന വെല്ലുവിളി ഗുണമേന്മയുള്ള സംസ്കരിച്ച, മെച്ചപ്പെട്ട വിളകളുടെ ലഭ്യതയാണ്. ഇവിടെയാണ് കാർഷിക മേഖലയിൽ റേഡിയേഷൻ നിർവ്യാപനധിഷ്ടിത തന്ത്രങ്ങൾ നമ്മുടെ രാജ്യത്തെ സമൃദ്ധിയിലേയ്ക്ക് നയിക്കുക.

## ഊർജ്ജ സുരക്ഷ:
## ആണവ ഊർജ്ജം മാലിന്യരഹിതം

### ആഗോളതാപനം അപകടകരമായ നിലയിൽ

കഴിഞ്ഞ ഏതാനും വർഷങ്ങളായി ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സംബന്ധിച്ച എല്ലാ സൂചകങ്ങളും ചൂണ്ടിക്കാണിക്കുന്നത് ഭൂമി അപകടകരമായ ഒരു സാഹചര്യത്തിൽ നില്ക്കുന്നു എന്നാണ്. കാർബൺഡൈഓക്സൈസിന്റെ അന്തരീക്ഷത്തിലെ അളവ് 400 പിപിഎം



ആയിരിക്കുന്നു. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ അന്തരീക്ഷ താപനില 1 ഡിഗ്രി സെൽഷ്യസോളം ഉയർന്നിരിക്കുന്നു. ഇവ കാലാവസ്ഥയെ വളരെ നിർണായകമായി ബാധിക്കുന്നു. ഉഷ്ണ തരംഗങ്ങൾ, കടൽ നിരപ്പിന്റെ ഉയർച്ച, മേഘസ്ഫോടനം തുടങ്ങിയവ ഇതിന്റെ അനന്തര ഫലങ്ങളായി നാം അനുഭവിക്കുകയാണ്. മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന അതിരുവിട്ട പ്രവർത്തനങ്ങളാണ് ഇതിനെല്ലാം കാരണം. പ്രത്യേകിച്ച് വിറകും കൽക്കരിയും പ്രകൃതി വാതകവും കത്തിച്ച് അന്തരീക്ഷത്തിലേയ്ക്ക് തള്ളുന്ന കാർബൺഡൈ ഓക്സൈഡിന്റെ വർദ്ധിച്ചു വരുന്ന അളവ്.

## ആണവ ഊർജ്ജ ലക്ഷ്യം: മുന്നോട്ടുള്ള പാത

നമ്മെ അലട്ടുന്ന ആഗോള താപന പ്രശ്നത്തിന് പരിഹാരം ആണവോർജ്ജമാണ് എന്ന വസ്തുത കുറെ നാളായി കൂടുതൽ വ്യക്തമായി വരുന്നുണ്ട്. അതിവേഗം വളരുന്ന ഒരു സമ്പദ് വ്യവസ്ഥ എന്ന നിലയിൽ അന്താരാഷ്ട്ര ധാരണയനുസരിച്ച് കാർബൺ പ്രസരണം ലഘൂകരിക്കുന്നതിന് ഇന്ത്യ ആണവോർജ്ജ ഉത്പാദനം വർദ്ധിപ്പേക്കണ്ടതുണ്ട്. ഈ മേഖലയിൽ രാജ്യത്ത് സജീവമായുള്ളത് 21 പ്ലാന്റുകളാണ്. 12 പ്ലാന്റുകൾ പൈപ്പ്ലൈനിലാണ്. അതിനാൽ വരും പതിറ്റാണ്ടുകളിൽ ഊർജ്ജ സുരക്ഷയ്ക്കും കാലാവസ്ഥാ വ്യതിയാന ലഘുകരണത്തിനും രാജ്യത്തെ ആണവ ഊർജ്ജ മേഖല നിർണ്ണായകമായ സംഭാവനകൾ നൽകുമെന്നാണ് പ്രതീക്ഷ.

## മാലിന്യത്തിൽ നിന്ന് സമ്പത്ത്

നമ്മുടെ രാജ്യത്ത് അനുദിനം വൻതോതിലുള്ള മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഇവയിൽ അപകടകാരികളായ കോടിക്കണക്കിന് സൂഷ്മ രോഗാണുക്കൾ ഉണ്ടാകുകയും പെരുകുകയും ചെയ്യുന്നു. പൊതുജനാരോഗ്യത്തിന് ഇത് വൻ ഭീഷണിയാണ് ഉയർത്തുന്നത്. അതേ സമയം ഇവയിലെ ഓർഗാനിക് കാർബൺ പോലുള്ള ചില സൂക്ഷ്മ ഘടകങ്ങൾ മണ്ണിനും വിളകൾക്കും ഉപകാരപ്രദവുമാണ്. പരിസ്ഥിതിയെയും ആരോഗ്യത്തെയും സംരക്ഷിക്കാൻ റേഡിയേഷൻ സാങ്കേതിക



വിദ്യ വഴി ഈ മാലിന്യങ്ങൾ സംസ്കരിക്കാവുന്നതാണ്. ഒപ്പം കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവ വളം ഇതിൽ നിന്ന് ഉത്പാദിപ്പിക്കുകയും ചെയ്യാം. അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷൻ ഈ ദിശയിൽ ഒരു മുന്നേറ്റം ആരംഭിച്ചിട്ടുണ്ട്. പ്രതിദിനം 100 ടൺ മാലിന്യത്തിൽ നിന്ന് വളം ഉത്പാദിപ്പിക്കുന്ന ഒരു പ്ലാൻറ് സ്ഥാപിച്ച് കഴിഞ്ഞു. നഗരത്തിലെ മുവുവൻ മാലിന്യങ്ങളും ഒരു കേന്ദ്രത്തിൽ നിന്ന് സംസ്കരിക്കുന്ന ഇത്തരം സംവിധാനങ്ങൾ മറ്റു നഗരങ്ങളിലും സ്ഥാപിക്കാവുന്നതാണ്. ഇന്ത്യ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സ്വച്ഛ് ഭാരത് മിഷന്റെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ഇത് പ്രയോജനപ്പെടുത്താം.

## മുറിവുണക്കാൻ ഹൈഡ്രോജെൽ (Hydrogel)

ഹൈഡ്രോജെൽ എന്ന നേരിയ സുതാര്യമായ ജെൽ ഷീറ്റ് ഇന്ന് മുറിവുകളും പൊള്ളലും ഭേദമാക്കാനുള്ള മികച്ച ചികിത്സാ സാമഗ്രിയാണ്. ഹൈഡ്രോഫിലിക് പോളിമറുകളും ഗാമാ ബീമുകളും ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുക. ഇത് മുറിവുകൾക്ക് ഒരു തണുപ്പ് പ്രദാനം ചെയ്യുന്നു. ആവശ്യത്തിൻ വായു സഞ്ചാരവും നല്കുന്നു. ഇത് ഉപയോഗിച്ച് മുറുവുകൾ കെട്ടുമ്പോൾ വേദന അനുഭവപ്പെടില്ല, മുറിവുകൾ നനയാനും ഇത് അനുവദിക്കുന്നില്ല. സുതാര്യമായതിനാൽ മുറിവ് ഭേദപ്പെടുന്നത് കാണാനും സാധിക്കും. ഇതിനുള്ള നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി ലഭ്യമാണ്. വിലയും കുറവാണ്. ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞരാണ് ഇതിന്റെ നിർമ്മാണ വിദ്യ വികസിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ഇന്ന് ലഭ്യമായ ഏറ്റവും വില കുറഞ്ഞ ഒരു ചികിത്സാ സാമഗ്രിയാണ് ഇത്. ഇത്തരം സാമഗ്രികൾ നമ്മൾ ഇതുവരെ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുകയായിരുന്നു.

## ജലം ജീവാമൃതം

ലോകത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്ന ഒരു വസ്തുവായി മാറിക്കൊണ്ടിരിക്കുകയാണ് ജലം. ഗാർഹിക, കാർഷിക വ്യാവസായിക



മേഖലകളിൽ ജലത്തിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗവും ആവശ്യകതയുമാണ് ഇതിനു കാരണം. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭൂഗർഭ ജലത്തിന്റെ ശ്രോതസും ദിശയും ഇപ്പോൾ കണ്ടുപിടിക്കാൻ സാധിക്കും. ഭൂഗർഭ ജലത്തിന്റെ എല്ലാ വിശദാംശങ്ങളും നമുക്ക് ആധുനിക സാങ്കേതിക വിദ്യയിലൂടെ അറിയാനാവും. അതുപോലെ ഡാമുകൾ, കനാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ ചോർച്ച, തടാകങ്ങൾ, ജലസംഭരണികൾ എന്നിവയുടെ മർദ്ദം നീരൊഴുക്ക്, നദികളുടെ പ്രവാഹം, മണ്ണ് അടിയുന്ന നിരക്ക് തുടങ്ങിയവ അളക്കുന്നതിനും ഈ സാങ്കേതിക വിദ്യ സഹായിക്കുന്നു. ഇതുവഴി ലഭിക്കുന്ന വിവരങ്ങൾ ജലസ്രോതസ്സുകളുടെ ആസൂത്രണത്തിനും സുസ്ഥിര വികസന നിർവഹണത്തിനും ഉപയോഗിക്കുന്നു.

ജലമലിനീകരണം നിർണയിക്കുന്നതിന് വളരെ ചെലവുകുറഞ്ഞ മാർഗങ്ങൾ നമ്മുടെ ശാസ്ത്രജ്ഞർ കണ്ടുപിടിച്ചിട്ടുണ്ട്. ഭൂഗർഭ ജലത്തിലെ ഫ്ളൂറിൻ, ഗംഗയിലെ ക്രോമിയം തുടങ്ങിയ മൂലകങ്ങളുടെ അളവ് ഇതുപയോഗിച്ച് കണ്ടുപിടിക്കുന്നു. സാധാരണ ജലത്തിലെ ബാക്ടീരിയ മലിനീകരണവും സമുദ്രജലത്തിലെ ലവണാംശവും നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഭാഭാ റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചിട്ടുണ്ട്. ജലശുദ്ധീകരണത്തിനുള്ള ഈ സാങ്കേതി വിദ്യകളെല്ലാം ഇന്ത്യയിലെ മിക്കവാറും എല്ലാ വ്യവസായശാലകൾക്കും കൈമാറിയിട്ടുണ്ട്. ഇതുവഴി സമൂഹത്തിലെ വലിയ വിഭാഗത്തിന് സേവനങ്ങൾ ചെലവുകുറഞ്ഞ രീതിയിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

## വ്യവസായ മേഖലയ്ക്ക് പിന്തുണ

ആണവോർജ്ജം രാജ്യത്തെ വ്യാവസായിക ഉത്പാദക മേഖലകൾക്ക് സഹായവും വികസനോപാധിയുമായി പ്രവർത്തിക്കുന്നു.



## റേഡിയേഷനിലൂടെ മെഡിക്കൽ ഉത്പ്പന്നങ്ങളുടെ അണുനാശനം

സിറിഞ്ച്, പഞ്ഞി, പൊള്ളൽ സംബന്ധമായ ഡ്രസിങ് മെറ്റീരിയൽസ്, സർജിക്കൽ ഗ്ലൗസ്, കൃത്രിമ വാൽവുകൾ, ബാൻഡേജ്, പ്ലാസ്റ്റിക്ക് റബർ ഷീറ്റുകൾ, സർജിക്കൽ ഉപകരണങ്ങൾ, പൗഡറുകൾ, ഓയിന്റ്മെന്റ്സ്, അസ്ഥി, നാഡികൾ ചർമ്മം തുടങ്ങിയവയുടെ കോശം മാറ്റിവയ്ക്കുമ്പോൾ ഉപയോഗിക്കുന്ന മരുന്ന് ലായിനികൾ എന്നിവയുടെ അണുനാശനം റേഡിയേഷനിലൂടെ വളരെ ഫലപ്രദമായി നടത്താനാകുന്നു.

## റേഡിയോഗ്രഫി (Radiography)

ഗാമാ രശ്മികൾ പ്രസരിപ്പിക്കുന്ന റേഡിയോ ഐസോടോപ്പുകൾ ആണ് എക്സ് റേ മെഷീനുകളെക്കാൾ എളുപ്പത്തിൽ കൊണ്ടുനടക്കാവുന്നവ. കൂടുതൽ ശക്തമായ റേഡിയേഷൻ നല്കുന്നതിനും ഇതാണ് ഉപകരിക്കുക. എണ്ണ, വാതകം തുടങ്ങിയവയുടെ പൈപ്പ് ലൈൻ വെൽഡ് ചെയ്യുന്നതിന് ഗാമാ രശ്മികൾ ഉപയോഗിക്കുന്നു.

## ഭാവിയിലേയ്ക്ക് നോക്കുമ്പോൾ

ജീവിതത്തിന്റെ സമസ്ത മേഖലകളിലും സാമൂഹികവും സാമ്പത്തികവുമായ പ്രയോജനങ്ങൾ സംഭാവന ചെയ്യുന്ന ആണവ സാങ്കേതിക വിദ്യയുടെ വ്യാപ്തി സംബന്ധിച്ച് ആശയവിനിമയം നടത്തുക എന്നതായിരുന്നു ഈ ലേഖനത്തിന്റെ ലക്ഷ്യം. ആണവ സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ഭാവിയിലും തുടർന്നു ലഭിക്കണം. കാരണം, മറ്റൊന്നിനും അതിനു പകരമാവാൻ സാധിക്കില്ല. ആണവ ഊർജ്ജ ഉത്പാദനം അതി പ്രധാനമായ മേഖലയാണ്. ലോകവ്യാപകമായി എല്ലാ രാജ്യങ്ങളിലും ഊർജ്ജ മേഖലയ്ക്ക് ഇത് നിർണ്ണായകമായ സംഭാവന നല്കിവരുന്നു. എന്നാൽ വ്യവസായങ്ങൾ മുൻവിധികളോടെ ഇതിനെ നോക്കിക്കാണുകയും ഇതിനുപകരം മറ്റു ഊർജ്ജ വിഭവങ്ങളെ കൂടുതലായി ആശ്രയിക്കുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ ഇവയെല്ലാം ആണവ



വൈദ്യുതിയെക്കാൾ കാർബൺ ബഹിർഗമിപ്പിക്കുന്നു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഇത് കൂടുതൽ രൂക്ഷമാക്കുന്നു. ഈ അവസ്ഥയിൽ ലോകരാഷ്ട്രങ്ങൾ കൂടുതലായി ആണവ ഊർജ്ജത്തിന്റെ ഉപയോഗത്തിലേക്ക് വരേണ്ടിയിരിക്കുന്നു. എല്ലാ മേഖലകളിലും ആണവ ഊർജ്ജം മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. അത് സുരക്ഷിതമാണ്; ഉപയോഗശേഷിയുണ്ട് കാർബൺ ബഹിർഗമനം കുറവാണ്; മാലിന്യം ഉണ്ടാക്കുന്നില്ല. ആണവ ഊർജ്ജ ഉത്പാദനവും അതിന്റെ മാലിന്യ സംഭരണവും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹൃതമായിക്കഴിഞ്ഞവയാണ്. പുതുതലമുറ ആണവ നിലയങ്ങളുടെ കടന്നുവരവോടെ ശേഷിക്കുന്ന പ്രശ്നങ്ങളും ആശങ്കകളും കൂടി തീർത്തും അവസാനിക്കപ്പെടും.

**യോജന**

**ഡിസംബർ 2016**

♦♦♦♦♦

FOCUS



# ജനാധിപത്യത്തിന് എവിടെയാണ് പിഴച്ചത്?

**ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വിജയിച്ച രാഷ്ട്രീയ ആശയമായി ജനാധിപത്യം ഇന്നും വാഴ്ത്തപ്പെടുന്നുണ്ട്. എന്നാൽ, വൻകരകളിലെല്ലാം ജനാധിപത്യ വ്യവസ്ഥകൾ കുഴപ്പത്തിലേക്ക് നീങ്ങുകയാണെന്ന സൂചനകൾ വിശ്വാസികളെയാകെ അലട്ടുന്നു.**

**അരവിന്ദ് ഗോപിനാഥ്**

യൂറോപ്പിനെ സംബന്ധിച്ച് ബ്രെക്സിറ്റിനുശേഷം നിർണ്ണായകമായിരുന്നു. ഇറ്റലിയിലെ ഹിത പരിശോധന പക്ഷേ, പ്രധാനമന്ത്രിക്ക് കൂടുതൽ അധികാരം നൽകുന്ന ഭരണഘടനാ ഭേദഗതിക്കുള്ള നിർദ്ദേശങ്ങൾ ജനങ്ങൾ തള്ളി. മധ്യ ഇടതുപക്ഷക്കാരനായ റെൻസി പ്രധാനമന്ത്രി പദവി ഒഴിഞ്ഞു. ഹിതപരിശോധനയിൽ ജയിച്ചതാകട്ടെ സാമ്രാജ്യത്വ വിരുദ്ധരെന്ന് അവകാശപ്പെടുന്ന ഫൈവ്സ്റ്റാർ മൂവ്മെന്റ് പാർട്ടിയും കുടിയേറ്റ വിരുദ്ധതയും തീവ്രദേശീയതയും ഉയർത്തിപ്പിടിക്കുന്ന ഈ പാർട്ടികൾ ജനപ്രീതിയിൽ മുന്നിലാണ്. ഇറ്റലിയിലേത് ഒരു ഉദാഹരണമായിരുന്നു. ഭൂരിപക്ഷവാദം ജനാധിപത്യത്തെ അപകടകരമായി ഉപയോഗപ്പെടുത്തി സമഗ്രാധിപത്യം നേടുന്നതിന്റെ ഉത്തമദൃഷ്ടാന്തം.

ജനാധിപത്യത്തിനുള്ളിലെ ഇത്തരം ഫാസിറ്റ് പ്രവണതകൾ സമകാലിക രാഷ്ട്രീയത്തിൽ വ്യാപകമാണ്. സമഗ്രാധിപത്യ സ്വഭാവമുള്ള രാഷ്ടീയ പാർട്ടിക്കോ നേതാവിനോ ഭുരിപക്ഷത്തെ ജനാധിപത്യസംവിധാനങ്ങളുപയോഗിച്ച് ചേർത്തുനിർത്താൻ സാധിക്കുമെന്നതിന്റെ ഉദാഹരണങ്ങൾ ഏറെയുണ്ട്. ജനപ്രീതിയുടെ അളവുകോലുകൾ ഫാസിസത്തിലേക്ക് രാജ്യങ്ങളെ വഴിതെളിച്ചിട്ടുണ്ടെന്നത് ചരിത്രം. ഏകാധിപതികളായിരുന്ന സ്പെയിനിലെ ഫ്രാൻസിസ്കോ ഫ്രാങ്കോയും അർജന്റീനയിലെ ജുവാൻ ഡൊമിനിഗോ



പെറോണുമൊക്കെ സർവ്വപ്രിയരായിരുന്നു. ഒരുകാലത്ത് ജനങ്ങൾക്ക് എല്ലാമെല്ലാമായിരുന്നു.എന്നാൽ ഈ ജനകീയതയുടെ അന്ത്യം ഫാസിസത്തിലായിരുന്നു..

## സ്വരാജ്യവും ദേശീയതയും

സ്വരാജ്യത്തെക്കുറിച്ച് നിരവധി അഭിലാഷങ്ങളുള്ള പ്രക്ഷോഭകരാണ് യുക്രെയിനിലെ രാഷ്ട്രീയകാലാവസ്ഥ അട്ടിമറിച്ചത്. യുക്രൈയിൻ രാഷ്ട്രീയത്തിലുള്ള റഷ്യൻ ഇടപെടൽ അവസാനിപ്പിക്കണമെന്നും യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം ദൃഢപ്പെടുത്തണമെന്നുമായിരുന്നു പ്രക്ഷോപകാലത്ത് അവരുടെ പ്ലക്കാർഡുകളിലെ മുദ്രാവാക്യങ്ങൾ. സ്വാർത്ഥ ലക്ഷ്യങ്ങളുള്ള പ്രസിഡന്റ് വിക്തർ യനുകോവിച്ചിനു പകരം കറയറ്റ ഒരു ഭരണകൂടം വേണമെന്നും അവർ ആവശ്യപ്പെട്ടു. എന്നാൽ ഇതൊന്നുമായിരുന്നില്ല അവരുടെ അടിസ്ഥാന ആവശ്യങ്ങളിലൊന്ന്. നിയമവ്യവസ്ഥിതിയുള്ള ജനാധിപത്യ സംവിധാനമായിരുന്നു പ്രധാന ആവശ്യം. അവരെ അതിനു പ്രേരിപ്പിച്ചതാകട്ടെ നൂറ്റാണ്ടുകളായി തുടർന്ന ഏകാധിപത്യ പ്രവണതുയുള്ള സർക്കാരുകൾ നടത്തിയ അഴിമതിയും മര്യാദകെട്ട പ്രവർത്തികളുമായിരുന്നു.

എന്തുകൊണ്ട് ഇവർ ജനാധിപത്യ സംവിധാനം ആവശ്യപ്പെടുന്നുവെന്നതിന് പല കാരണങ്ങളുണ്ട്. അതിലൊന്ന് അസ്ഥിരരാഷ്ട്രീയ വ്യവസ്ഥയുള്ള രാജ്യങ്ങളേക്കാൾ സമ്പന്നമാണ് ജനാധിപത്യരാജ്യങ്ങൾ എന്നുള്ളതാണ്. ജനാധിപത്യവ്യവസ്ഥിതിയുള്ള രാജ്യങ്ങൾ യുദ്ധത്തിലേക്ക്, അസ്ഥിരതയാർന്ന സാമ്പത്തിക-സാമൂഹ്യ ക്രമീകരണത്തിലേക്കു വീഴാൻ സാദ്ധ്യത തീരെ കുറവാണ്. അഴിമതിക്കെതിരെ നിലനിൽക്കുന്ന വ്യവസ്ഥാപാരമ്പര്യമാണ് മറ്റൊരു ഹേതു. അതിലും അടിസ്ഥാനമായ കാരണങ്ങളിലൊന്നന് അത്തരം വ്യവസ്ഥയിൽ നിയമം അനുശാസിക്കുന്ന അഭിപ്രായ സ്വാതന്ത്ര്യമാണ്. ജനങ്ങൾക്ക് ചിന്തിക്കുന്നത് പറയാനും പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം തങ്ങളുടെ ഭാവിതലമുറയെ കരുപ്പിടിപ്പാനുള്ള സ്വാതന്ത്ര്യം. ലോകത്തിന്റെ പല കോണുകളിൽ പല ജനതകളിൽ ജനാധിപത്യം എന്ന ആശയത്തോടുള്ള ശാശ്വതമായ



ആകർഷണത്തിനു നിദാനം ഇവയാണെന്ന് വിലയിരുത്തപ്പെടുന്നു.

എന്നാൽ,ലോകത്തെമ്പാടും ജനാധിപത്യം വെല്ലുവിളികൾ നേരിടുന്ന കാലമാണ് ഇപ്പോൾ. പല ഏകാധിപതികൾക്കും ഭരണത്തിന്റെ ചെങ്കോൽ നഷ്ടമായിട്ടുണ്ടെങ്കിലും അവരുടെ എതിരാളികൾക്ക് ശാശ്വതമായ ജനാധിപത്യ സംവിധാനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പശ്ചിമേഷ്യയിലെ അറബ് വസന്തത്തിന്റെയും യുക്രയിനിലെ ഓറഞ്ച് വിപ്ളവത്തിന്റെയും പരിണതികൾ ഉദാഹരണം. ജനാധിപത്യം സ്ഥാപിക്കപ്പെട്ട വ്യവസ്ഥകളിൽപ്പോലും ഒട്ടേറെ പഴുതുകളുണ്ടായി. ആശങ്കയ്ക്ക് കാരണമായ ഈ ന്യൂനതകൾ പ്രകടമായിരുന്നു. ഒപ്പം രാഷ്ട്രീയമായി നൈരാശ്യം തരുന്നതുമായിരുന്നു.

**നാസിസവും വർണവെറിയും**

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ലോകത്തെമ്പാടും ജനാധിപത്യത്തിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായ ഒട്ടേറെ സംഭവങ്ങളുണ്ടായിട്ടുണ്ട്. ജർമനിയിൽ നാസിസമാണ് ജനകീയ ഭരണത്തെ മുറിവേൽപ്പിച്ചതെങ്കിൽ നൂറ്റാണ്ടിന്റെ അവസാനകാലത്ത് ദക്ഷിണാഫ്രിക്കയിൽ അത് വർണ്ണവിവേചനമായിരുന്നു. കോളനിവൽക്കരണം അവസാനിച്ചപ്പോൾ ഏഷ്യയിലും ആഫ്രിക്കയിലും ജനാധിപത്യരാജ്യങ്ങൾ പിറന്നു. ഏകാധിപത്യം ജനാധിപത്യത്തിനു വഴിമാറി. 1974-ൽ ഗ്രീസ്, 1975-ൽ സ്പെയിൻ, 1983-ൽ അർജന്റീന, 1985-ൽ ബ്രസീൽ, 1989-ൽ ചിലി എന്നിവ ജനായത്തഭരണത്തിലേക്കു കടന്നുവന്നു. മധ്യയൂറോപിപലാകട്ടെ സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ നവജനാധിപത്യരാജ്യങ്ങൾ നിലവിൽ വന്നു.

ഫ്രീഡം ഹൗസിന്റെ 2000-ലെ കണക്ക് അനുസരിച്ച് ലോകത്ത് 120 രാജ്യങ്ങളിലാണ് ജനാധിപത്യവ്യവസ്ഥിതി നിലനിൽക്കുന്നത്. അതായത് മൊത്തം രാജ്യങ്ങളിൽ 60 ശതമാനം മാത്രമാണ് ജനാധിപത്യവത്കരിക്കപ്പെട്ടത്. 2000 ജൂണിൽ വാഴ്സയിൽ നടന്ന ജനാധിപത്യം സംബന്ധിച്ച ആദ്യ ഉച്ചകോടി പിന്നീട് വാഴ്ത്തപ്പെട്ടത് അതിലുയർന്ന മുദ്രാവാക്യം കൊണ്ടായിരുന്നു. 'ജനങ്ങളുടെ



മനസ്സാണ് ഭരണകൂടത്തിന്റെ ആധികാരികത' എന്നതായിരുന്നു ആ ആദർശസൂക്തം.

അഥീനിയൻ ജനാധിപത്യത്തിന്റെ പതനത്തിനു ശേഷം ആധുനികമായ ഒരു രാഷ്ട്രീയമാതൃക ഉരുത്തിരിയാൻ രണ്ടായിരം വർഷത്തിലധികം വേണ്ടിവന്നു. നീണ്ട നിദ്രയ്ക്കുശേഷം പിന്നെ ജനാധിപത്യത്തിന് ഉണർവുണ്ടായത് പതിനെട്ടാം നൂറ്റാണ്ടിലാണ്. അമേരിക്കൻ വിപ്ളവമാണ് സുസ്ഥിര ജനാധിപത്യത്തിന് അടിത്തറ പാകിയത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ജനാധിപത്യമൂല്യങ്ങൾക്ക് എതിരെ ശക്തിയുക്തം പോരാടിയത് രാജവാഴ്ചയായിരുന്നു. ഇരുപതാം നൂറ്റാണ്ടിൻറെ ആദ്യപാതയിൽ ജർമനിയിലും സ്പെയിനിലും ഇറ്റലിയിലും ജനാധികാരം ഉലഞ്ഞുവീണു. 1941 ൽ പതിനൊന്ന് ജനാധിപത്യരാജ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, അപരിഷ്കൃത സമൂഹത്തിലേക്കുള്ള തിരിച്ചുവരവ് ലോക സമൂഹത്തിന് സാധ്യമായിരുന്നില്ല. എന്നാൽ ഇരുപതാം നൂറ്റാണ്ടിലുണ്ടായ പുരോഗതി തൊട്ടടുത്ത ശതാബ്ദത്തിന്റ ആദ്യപകുതിയിൽ ഉണ്ടായില്ല. ലോകജനതയുടെ 40 ശതമാനത്തിനും ജനാധിപത്യത്തിന്റെ മേന്മകൾ അനുഭവിക്കാൻ കഴിയുന്നില്ല. സ്വതന്ത്രവും സ്വച്ഛവും ന്യായവുമായ തെരഞ്ഞെടുപ്പ് പോലും ഇന്ന് സാധ്യമാകുന്നില്ല. ജനാധിപത്യം സ്വേച്ഛാതിപച്യത്തിനു വഴിമാറുന്ന വിപരീതക്കാഴ്ചയാണ് മിക്കയിടത്തും ഇപ്പോൾ കാണാനാകുക.

1980 മുതൽ 2000 വരെയുള്ള കാലയളവിൽ ജനാധിപത്യത്തിന് തിരിച്ചടികൾ നേരിട്ടുണ്ടെങ്കിലും അതിനുശേഷം ആഗോളതലത്തിൽ അസ്വാതന്ത്ര്യം വ്യാപകമായി പിടിമുറുക്കുന്നതാണ് കണ്ടത്. പേരിനു മാത്രം ജനാധിപത്യം നിലവിലുണ്ടായിരുന്ന രാജ്യങ്ങൾ ഏകാധിപത്യത്തിലേക്കു വഴുതിവീണു. പല തെരഞ്ഞെടുപ്പുകളിലും ജനാധിപത്യമൂല്യങ്ങൾ പാലിക്കപ്പെട്ടില്ല. പൗരാവകാശങ്ങൾ ഹനിക്കപ്പെട്ടു. എങ്കിലും കെയ്റോയിലും കീവിലും ജനകീയമല്ലാത്ത ഭരണകൂടങ്ങൾ വലിച്ചെറിയപ്പെട്ടത് ആശ്വാസകരമായി. വികലമായ പ്രവർത്തനങ്ങൾ കാരണം പാശ്ചാത്യ ജനാധിപത്യവ്യവസ്ഥകളും വെല്ലുവിളികൾ നേരിട്ടു.



**പ്രതിസന്ധിയും വൻമതിലും**

പാശ്ചാത്യലോകത്തെ ജനാധിപത്യത്തിന്റെ ശക്തിക്ഷയത്തിനുകാരണങ്ങൾ പലതുണ്ടായിരുന്നു. 2008ലെ സാമ്പത്തിക പ്രതിസന്ധയും ചൈനയുടെ ഉയർച്ചയുമായിരുന്നു അതിൽ പ്രധാനം. പ്രതിസന്ധി മൂർച്ചിച്ചതോടെ പാശ്ചാത്യരാജ്യ സംവിധാനത്തിന്റെ അടിസ്ഥാന ദൗബല്യങ്ങൾ വെളിപ്പെട്ടു തുടങ്ങി. അവരുടെ ഏറ്റവും വലിയ ആസ്തിയായ ആത്മവിശ്വാസം വരെ ഇല്ലാതായി. കടബാധ്യത അപകടകരമായ രീതിയിൽ വർധിക്കാൻ സർക്കാർ അനുവദിച്ചു. ജനങ്ങളിൽ പലർക്കും ഭരണ സംവിധാനങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. പ്രത്യേകിച്ച് രക്ഷാപാക്കേജുകൾ നല്കിയപ്പോൾ, നികുതിദായകരുടെ പണമായിരുന്നു ബാങ്കുകളെ നിലനിർത്തിയത്. കോർപ്പറേറ്റുകൾക്കും ബാങ്കുകൾക്കും വലിയ തോതിലുള്ള ഇളവുകൾ നൽകുകയും ചെയ്തതോടെ ജനാധിപത്യ വിശ്വാസം പലരും ഉപേക്ഷിച്ചു.

സാമ്പത്തിക പുരോഗതിയിൽ ജനാധിപത്യലോകത്തിനുള്ള മുൻതൂക്കം തകർത്തത് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. ഓരോ മൂന്നു ദശാബ്ദത്തിലുമാണ് വികസിത രാജ്യമായ അമേരിക്കപോലും പൗരൻമാരുടെ ജീവിത നിലവാരം ഇരട്ടിയാക്കിയിരുന്നത്. എന്നാൽ ചൈനയ്ക്ക് ജീവിതനിലവാരത്തോത് ഉയർത്താൻ ഒരു ദശാബ്ദം തന്നെ അധികമായിരുന്നു. വ്യാപാരലോകത്തുള്ള ചൈനീസ് മുന്നേറ്റം ജനാധിപത്യ സംവിധാനത്തേക്കാൾ മികച്ചതാണ് തങ്ങളുടെ ഭരണമാതൃകയെന്ന വാദം അംഗീകരിപ്പിക്കാൻ ഉതകുന്നതായിരുന്നു. പാർട്ടിയുടെ കടുത്ത നിയന്ത്രണത്തോടെ കഴിവുള്ളവരെ നിയോഗിച്ച് അവർ ഈ മേധാവിത്തം നിലനിർത്തിയപ്പൊൾ ജനാധിപത്യം സംശയത്തിന്റ താഴുകളിട്ട് അടയ്ക്കപ്പെടുകയായിരുന്നുവെന്ന് പറയുന്നു. അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ലാറി സമ്മേഴ്സ്. വൻമതിതിനകത്തെ രാഷ്ട്രീയനേതൃത്വത്തിൽ മാറ്റമുണ്ടായെങ്കിലും നേതൃനിരയിലെത്തിയവരെല്ലാം ലക്ഷ്യം കൈവരിക്കാൻ ശേഷിയുള്ള പാർട്ടി കേഡറുകളായിരുന്നു.



വലിയ വെല്ലുവിളികൾ പലതും ഏറ്റെടുത്ത് നടത്താനായി എന്നതാണ് ചൈനീസ് ഭരണാധികാരികളുടെ നേട്ടം. ജനാധിപത്യരാജ്യത്ത് ഒരു ദശാബ്ദത്തോളം കാലതാമസം എടുത്തേക്കാവുന്ന തീരുമാനങ്ങൾ പലതും ചൈനീസ് ഭരണാധികാരികൾ മണിക്കുറുകൾക്കുള്ളിൽ നടപ്പിലാക്കി. ഇതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നത് പെൻഷൻ പരിഷ്കരണമാണ്. 24 കോടി ഗ്രാമവാസികൽക്ക് പെൻഷൻ കവറേജ് ചൈന നൽകിയത് കേവലം രണ്ടു വർഷം കൊണ്ടാണ്. അമേരിക്കയിലെ മൊത്തം പെൻഷൻ സംവിധാനത്തിനു കീഴിൽ വരുന്നവരുടെ എത്രയോ ഇരട്ടിവരും ഇത്. ജനങ്ങളുടെ പിന്തുണയാണ് മറ്റൊന്ന്. ഗ്ളോബൽ ആൾട്ടിറ്റ്യൂട്ട് നടത്തിയ സർവ്വേ അനുസിച്ച് 85 ശതമാനം ചൈനക്കാരും രാജ്യപുരോഗതിയിൽ സംതൃപ്തരാണ്. എന്നാൽ അമേരിക്കയിലാകട്ടെ സംതൃപ്തരുടെ എണ്ണം 31% മാത്രമാണ്.

'വിശാല കാഴ്ചപ്പാടില്ലാത്ത മധുരവചനങ്ങൾ മാത്രം മൊഴിയുന്ന, തീരുമാനമെടുക്കാൻ ശേഷിയില്ലാത്ത ജോർജ്ജ് ബുഷിനെപ്പോലെയുള്ള പ്രസിഡന്റുമാരാണ് അമേരിക്കയുടെ ഗതി നിർണയിച്ചത്. ഇതാണ് പോരായ്മ.'

ഫുദാൻ സർവ്വകലാശാലയിലെ സാങ് വെയ്‌വിയുടെ അഭിപ്രായം ഇതാണ്. ഇവിടെയാണ് ചൈനീസ് മാതൃകയുടെ മെച്ചം. പാശ്ചാത്യശൈലിയും മൂല്യങ്ങളും രാഷ്ടീയ സംവിധാനങ്ങളുമൊക്കെ നടപ്പാക്കിയ രാജ്യങ്ങൾ ഇപ്പോൾ അസ്ഥിരതയിലാണെന്ന് ഓർമിക്കുകയാണ് ചൈനീസ് സാമ്പത്തിക വിദഗ്ധർ. റുവാണ്ടയും ദൂബായും വിയറ്റ്നാമുമൊക്കെ ഈ മാതൃക പിൻപറ്റിയവരാണെന്ന് അവർ വാദിക്കുന്നു.

2000 ത്തിനു ശേഷം പ്രത്യക്ഷമായോ പരോക്ഷമായോ ചൈനീസ് മാതൃക പല രാജ്യങ്ങളിലും നടപ്പിലായി. 1989 ൽ ബെർലിൻ മതിൽ തകർത്തശേഷം ജനാധിപത്യത്തിന് ആദ്യം തിരിച്ചടിയുണ്ടായത് റഷ്യയിലാണ്. 1990 കളിൽ പഴയ സോവിയറ്റ് യൂണിയൻ പേരിന് ജനാധിപത്യവത്കരണം നടപ്പിലായി. ആ ദശാബ്ദത്തിനൊടുവിൽ രാജിവച്ച ബോറിസ് യെൽസിൻ ഭരണത്തിന്റെ ചെങ്കോൽ ഏൽപ്പിച്ചത് കെ.ജി.ബിക്കാരനായ പുടിന്റെ കൈയിലായിരുന്നുവെന്നതാണ്



രസകരം. ഒന്നര ശതാബ്ദത്തിന് ശേഷവും രണ്ടുതവണ പ്രസിഡന്റും പ്രധാനമന്ത്രിയുമായ പുടിന്റെ കൈവശമാണ് ഇപ്പോഴും റഷ്യൻ ഭരണം. ഇന്ന് ജനാധിപത്യത്തിന്റെ കണിക പോലും അവശേഷിക്കുന്നില്ല, ക്രിംലിനിൽ. മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യമില്ല. എതിരാളികളുടെ ശിഷ്ട ജീവിതം തടങ്കലിലാണ്. എന്നാൽ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. ആളുകൾ വോട്ടും ചെയ്യുന്നുണ്ട്. ജയിക്കുന്നത് പുടിൻ മാത്രം. ഇറാഖ് യുദ്ധമായിരുന്നു ജനാധിപത്യത്തിനേറ്റ മറ്റൊരു തിരിച്ചടി. സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയായിരുന്നു ഇറാഖ് യുദ്ധമെന്നായിരുന്നു ജോർജ്ജ് ബുഷ് പറഞ്ഞിരുന്നത്. മധ്യേഷ്യയാണ് തീവ്രവാദികളുടെ താവളമെന്നും അവിടുത്തെ ഏകാധിപതികൾ അതിനു വളമൊരുക്കുകയാണമെന്നും ബുഷ് വിശ്വസിച്ചിരുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ക്രൂരതകൾ വിളിച്ചോതിയ ഇറാഖ് അധിനിവേഷത്തിനു വഴിതെളിച്ച ഈ നടപടി കേവലം അവസരമാദത്തിനുമപ്പുറത്തായിരുന്നുവെന്ന് പിന്നീട് ബോധ്യപ്പെട്ടു.

**കെയ്റോയിലെ ദുരന്തം**

ജനാധിപത്യത്തിനേറ്റ തിരിച്ചടികളിലൊന്ന് ഈജിപ്തിലേതായിരുന്നു. വൻപ്രക്ഷോഭത്തിനൊടുവിൽ 2011-ൽ ഹൊസ്നി മുബാറക്കിന്റ ഭരണകൂടം വീണപ്പോൾ ജനാധിപത്യ പ്രതീക്ഷകൾ മധ്യേഷയിൽ ഉണർന്നു. എന്നാൽ നിരാശയായിരുന്നു അനന്തരഫലം. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ ജയിച്ചത് ലിബറലുകളല്ല. പകരം അധികാരത്തിലെത്തിയത് മുഹമ്മദ് മുർസിയുടെ നേതൃത്വത്തിലുള്ള മുസ്ലീം ബ്രദർ ഹുഡ്. ലിബറലുകൾ കൂടിച്ചേരാനാകാത്ത വിധം വഭജിച്ചിരുന്നു. അധികാര ലബ്ധിയോടെ മുർസി കൂടുതൽ കരുത്താർജ്ജിക്കാനുള്ള നടപടികൾ തുടങ്ങി. സഹോദരങ്ങൾ ഭരണതലപ്പത്തെത്തി. നിയമനിർമ്മാണ സഭയിൽ ഇസ്ലാമിക ഭുരിപക്ഷം ഉറപ്പുവരുത്തി. 2013 ജൂലൈയിൽ സൈനിക നടപടിയോടെ മുർസിക്ക് അധികാരം വിട്ടൊഴിയേണ്ടിവന്നു. ജനാധിപത്യപിന്തുണയോടെ അധികാരത്തിലേറിയ മുർസി പ്രക്ഷോഭകരെ കൊന്നൊടുക്കിയ കുറ്റത്തിന് തടങ്കലിലുമായി. സിറിയൻ യുദ്ധവും ലിബിയയിലെ അസ്ഥിരതയും അറബ് വസന്തത്തോടെ മധ്യേഷ്യയിൽ ജനാധിപത്യവിപ്ളവമുണ്ടാകുന്ന പ്രതീക്ഷ ഇല്ലാതാക്കുകയും ചെയ്തു.



അതേ സമയം ജനാധിപത്യം പുലർന്ന രാജ്യങ്ങളിലും ഭരണകൂട പ്രവർത്തനങ്ങൾ നൽകിയത് നൈരാശ്യമായിരുന്നു. 1994-ൽ ജനാധിപത്യം നിലവിൽ വന്ന ദക്ഷിണാഫ്രിക്കയിൽ ഭരണം ഇപ്പോഴും സ്വാർത്ഥതാൽപ്പര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ കൈവശമാണ്. തുർക്കിയിലാകട്ടെ ഭരണം അഭിമതി നിറഞ്ഞതും ഏകാധിപത്യ പ്രവണതകളുള്ളതുമാണ്. ബംഗ്ളാദേശിലും തായ്‌ലൻഡിലും കംപോഡിയയിലും പ്രതിപക്ഷ പാർട്ടികൾ തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുകയോ തെരഞ്ഞെടുപ്പ് വിധി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇതൊക്കെ സൂചിപ്പിക്കുന്നത് ജനാധിപത്യസ്വഭാവം നിലനിർത്താനുള്ള നടപടികൾ ഭരണവ്യവസ്ഥകൾ സ്വീകരിച്ചിട്ടില്ലെന്നാണ്.

ജനാധിപത്യ വഴിയിലേക്ക് എത്തുന്ന പുതിയ രാജ്യങ്ങൾക്ക് മാതൃകയാകേണ്ടവ കാലഹരണപ്പെടുന്നതും നിർവഹണരഹിതമാകുന്നതുമാണ് കണ്ടത്. ഏറ്റവും വലിയ ജനാധിപത്യരാജ്യങ്ങളിലൊന്നായ അമേരിക്ക സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടതോടെ അനുകരണീയ മാതൃകയിലെ വിശ്വാസം കുറഞ്ഞുതുടങ്ങി. യൂറോപ്യൻ യൂണിയനും ജനാധിപത്യ സ്വപ്നങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടു. തുടക്കം മുതൽ ജനാധിപത്യവിരുദ്ധതയായിരുന്നു യൂറോപ്യൻ യൂണിയനിൽ. 1999 ൽ ടെക്നോക്രാറ്റുകളുടെ പിന്തുണയോടെ യൂറോ കൊണ്ടുവരാനുള്ള തീരുമാനം എതിർത്തത് രണ്ടു രാജ്യങ്ങൾ മാത്രമായിരുന്നു. ഹിതപരിശോധനയിലൂടെ ഡെൻമാർക്കും സ്വീഡനും. ഈ രാജ്യങ്ങളിലെ ജനതയുടെ എതിർപ്പുകളെ അസ്ഥാനത്താക്കി യൂറോ നിലവിൽവന്നു. തുടർന്നും ഇത്തരം ജനാധിപത്യവിരുദ്ധ നടപടികൾ തുടർന്നു. പ്രതിസന്ധി അതിജീവിക്കുമെന്ന പ്രഖ്യാപനത്തോടെ അധികാരത്തിലെത്തുകയും പിന്നീട് യൂറോപ്യൻ യൂണിയനു കീഴടങ്ങുകയും ചെയ്ത ചരിത്രം ഗ്രീസിലും ഇറ്റലിയിലുമുണ്ടായി. ജനാധിപത്യകമ്മി പരിഹരിക്കാൻ യൂറോപ്യൻ പാർലമെന്റിന്റെ ഭാഗത്തുനിന്ന് ഒരു ശ്രമവും ഉണ്ടായില്ല ഇതോടെ യൂറോപ്പ്, ജനതയെ പ്രതിനിധീകരിക്കുന്നുവെന്നവകാശപ്പെടുന്ന പാർട്ടികളുടെ ജന്മദേശമായി. നെതർലാന്റിൽ ഗ്രീറ്റ് വിൽഡേഴ്സ് പാർട്ടി പിറന്നു. ഫ്രാൻസിൽ ജന്മമെടുത്തത്



നാഷണൽ ഫ്രണ്ടായിരുന്നു. ജർമനിയിൽ ഓൾട്ടർനേറ്റീവ് പാർട്ടിയും ഓസ്ട്രിയയിൽ ഫ്രീഡം പാർട്ടിയും ജനപ്രീതി നേടി. പലതും നാസിസത്തിന്റെ സമാന സ്വഭാവ സവിശേഷതകളുള്ളതായിരുന്നു. ഇതൊക്കെ സംഭവിക്കുമ്പോഴും ഗുരുതരമായ ഘടനാപ്രശ്നങ്ങൾ അനുഭവിക്കുകയായിരുന്നു ജനാധിപത്യം. ആധുനിക ജനാധിപത്യ ലോകത്ത് പാർലമെന്റുകളും രാജ്യങ്ങളും വഴിയാണ് ജനാധിപത്യം വെളിപ്പെട്ടത്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ദേശീയ അധികാരം നിശ്ചിത കാലത്തേയ്ക്ക് ചലിപ്പിക്കാൻ നിയോഗിക്കപ്പെട്ടു.

അഗോളവത്കരണം ദേശീയ രാഷ്ട്രീയത്തെ മാറ്റിമറിച്ചു.അധികാരത്തിനുവേണ്ടി രാഷ്ട്രീയക്കാർ ആഗോള വിപണികൾക്കും പണമൊഴുക്കിനും കീഴടങ്ങി. ഇതോടെ അധികാരത്തിലെത്തിച്ച വോട്ടർമാർക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനുമായില്ല.ഐ.എം.എഫ്, ലോകവ്യാപാര സംഘടന, യൂറോപ്യൻ യൂണിയൻ തുടങ്ങിയവ സ്വാധീനം വർദ്ധിപ്പിച്ചതേയുള്ളൂ. നികുതി ഒഴിവാക്കൽ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രശ്നങ്ങൾ ഒരു രാജ്യത്തിനു മാത്രം പരിഹരിക്കാൻ കഴിയും. ധനവിനിയോഗം ഉൾപ്പെടെയുള്ള പല മേഖലകളിലും രാഷ്ട്രീയക്കാർ ഒഴിഞ്ഞുനിൽക്കുകയും ടെക്നോക്രാറ്റുകൾ കൈയടക്കുകയും ചെയ്തു. സ്വതന്ത്രമായി പ്രവർത്തിക്കുന്ന കേന്ദ്രബാങ്കുകളുടെ എണ്ണം വർദ്ധിച്ചു. 1980-ൽ ഇരുപതു ബാങ്കുകളാണുണ്ടായിരുന്നതെങ്കിൽ ഇന്ന് 160 എണ്ണമുണ്ട്.

ജനാധിപത്യരാജ്യങ്ങൾക്ക് സ്വന്തം തട്ടകത്തിൽ അതേ നാണയത്തിൽ തന്നെ തിരിച്ചടികൾ നേരിടുന്നുണ്ട്. ദേശീയ സർക്കാരിൽ നിന്ന് പ്രവിശ്യകൾ സ്വാതന്ത്ര്യം വേണമെന്ന് വാദമുയർത്തുന്നുണ്ട്. അമേരിക്കയിൽ ചില സംസ്ഥാനങ്ങൾ സ്വാതന്ത്ര്യം ആവശ്യപ്പെടുന്നുണ്ട്. ബ്രിട്ടണിൽ കാറ്റലോണിയക്കാരും സ്കോട്ടുകളും സ്വാതന്ത്ര്യ ദാഹം തീർക്കാൻ കാത്തിരിക്കുന്നു. ഇന്ത്യയിൽ കാശ്മീരിലും കിഴക്കൻ സംസ്ഥാനങ്ങളിലും സ്വാതന്ത്ര്യം വേണമെന്ന ആവശ്യം ശക്തമാണ്. ഇത്തരം ചെറുശക്തികൾ പരമ്പരാഗത രാഷ്ട്രീയത്തെ ഉലയ്ക്കുന്നു. ഇന്റർനെറ്റിലൂടെ സംഘടിക്കാനും പ്രതിഷേധിക്കാനുമുള്ള അവസരം നിലനിൽക്കുമ്പോൾ ഒരു മൗസ് ക്ലിക്കിൽ നൽകുന്ന നിവേദനത്തിന്റെ



ഭാഗമാകുമ്പോൾ രാഷ്ട്രീയക്കാർക്ക് സ്വതീരുമാനങ്ങളെടുക്കാനും പ്രവർത്തിക്കാനും എളുപ്പമാകില്ല. സുസ്ഥരമായ ജനാധിപത്യവ്യവസ്ഥയ്ക്കു പകരം താൽക്കാലിക ആവശ്യങ്ങളുടെ പൂർത്തീകരണമാണ് വോട്ടർമാർക്ക് ഭരണാധികാരികൾ നൽകിയത്. ദൈനംദിന ആവശ്യങ്ങൾക്കായിരുന്നു ഭരണവ്യവസ്ഥകൾ മുൻഗണന നൽകിയത്. കഴിഞ്ഞ മുപ്പതുവർഷമായി ഫ്രാൻസിന്റെയും ഇറ്റലിയുടെയും ബജറ്റുകൾ മിച്ചമല്ല എന്നതിന് ഒരു തെളിവാണ് ഇത്തരം കടബാധ്യതയുള്ള ജനാധിപവ്യവസ്ഥിതിയാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നത്. സാമ്പത്തികം അടിസ്ഥാനമായുള്ള പുതിയ ലോകക്രമത്തിൽ സാമ്പത്തിക പ്രതിസന്ധിക്കും അതിനുശേഷമുള്ള രക്ഷാപാക്കേജ് കാലത്തും ഒട്ടും ജനപ്രിയമല്ലാത്ത നടപടികളാവും ഭരണാധികാരികക്ക് കൈക്കൊള്ളേണ്ടിവരിക. സാമ്പത്തിക വളർച്ച കുറയുന്നതും ബജറ്റ് വെട്ടിച്ചുരുക്കലുമൊക്കെ പരിമിതമായ സ്രോതസ്സുകൾക്കുവേണ്ടിയുള്ള താൽപര്യക്കാരുടെ മത്സരം വർദ്ധിപ്പിക്കുകയേയുള്ളൂ.

രാഷ്ട്രീയത്തോടുള്ള നിന്ദാശീലമാണ് ജനാധിപത്യത്തിനുള്ള മറ്റൊരു വെല്ലുവിളി. വികസിത രാജ്യങ്ങളിൽ പാർട്ടികളിലെ അംഗത്വബലം കുറയുകയാണ്. ബ്രിട്ടണിൽ ഒരു ശതമാനം ജനങ്ങൾക്കാണ് പാർട്ടി അംഗത്വമുള്ളത്. 1950 ൽ ഇത് ഇരുപതു ശതമാനമായിരുന്നെന്ന് ഓർക്കണം. വോട്ടിങ് ശതമാനത്തിലും ഇടിവുണ്ട്. 49 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ 2007-2013 കാലയളവിൽ പത്തു ശതമാനം വരെ വോട്ടിങ് ശതമാനത്തിൽ കുറവുണ്ട്. 2012-ൽ ഏഴു യൂറോപ്യൻ രാജ്യങ്ങളിൽ നടത്തിയ സർവ്വെയിൽ തെളിഞ്ഞത് പകുതിയോളം സമ്മതിദായകർക്ക് അവരുടെ ഭരണകൂടത്തിൽ വിശ്വാസമില്ലെന്നാണ്. രാഷ്ട്രീയക്കാർ എല്ലാക്കാലത്തും കള്ളംപറയുന്നവരാണെന്നായിരുന്നു 62 ശതമാനം ബ്രിട്ടീഷ് വോട്ടർമാരും അഭിപ്രായപ്പെട്ടത്. ആർക്കും വോട്ടുകിട്ടുന്ന അവസ്ഥയാണ് ജനാധിപത്യത്തിലെ മറ്റൊരു തിരിച്ചടി. അഴിമതിയിൽ മുങ്ങിക്കുളിച്ച പാർട്ടിയായിരുന്നു ഐസ്ലൻഡിലെ ബസ്റ്റ് പാർട്ടി. തങ്ങൾ അഴിമതിക്കാരാണമെന്ന് പരസ്യപ്രഖ്യാപനം നടത്തിയവർ. 2010 ൽ പ്രധാന നഗരമായ റെയ്ക്ജാവിക്കിലെ സിറ്റി കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് ഈ പാർട്ടിയായിരുന്നു. 2013-ൽ ഹാസ്യകഥാപാത്രമായ



ബെപ് ഗ്രില്ലോ രൂപീകരിച്ച പാർട്ടിയെ ഇറ്റാലിയൻ വോട്ടർമാർ അകമഴിഞ്ഞ് പിന്തുണച്ചു.

ജനാധിപത്യം എന്നത് കരുത്താർന്ന യന്ത്രഘടനയുള്ള പ്രക്രിയയാണെന്നാണ് ആധുനിക ജനാധിപത്യത്തിന്റെ ഉപജ്ഞാതാക്കളായ ജെയിംസ് മാഡിസണിനെയും ജോൺ സ്റ്റുവർട്ട് മില്ലിനെയും പോലുള്ളവർ പറഞ്ഞത്. എണ്ണയിട്ട് യോജിപ്പിച്ച് മാറ്റം വരുത്തികൊണ്ടുപോകേണ്ട ഒന്നാണ് ജനാധിപത്യം. യാഥാർത്ഥ്യബോധമാണ് നവജനാധിപത്യം സ്ഥാപിക്കാൻ ആവശ്യംവേണ്ട ഘടകം. എന്നാൽ, പല പരീക്ഷണങ്ങളിലും ജനാധിപത്യം പരാജയപ്പെടുന്നതിന്റെ കാരണമായി വിലയിരുത്തപ്പെടുന്നത് ജനാധിപത്യത്തിന്റെ ഘടകങ്ങളിലൊന്നായ തെരഞ്ഞെടുപ്പുകൾക്കു നൽകുന്ന അനാവശ്യ പ്രാമുഖ്യമാണ്. ജനതയുടെ അഭിപ്രായ സ്വാതന്ത്ര്യവും സംഘടിക്കാനുള്ള സ്വാതന്ത്ര്യവും ഉൾപ്പെടെയുള്ള പൗരാവകാശങ്ങൾ ഉറപ്പുവരുത്താനാണ് ഭരണകൂടമെന്ന ജനനാധിപത്യത്തിലെ സാമാന്യതത്വം പലപ്പോഴും ബോധപൂർവ്വം വിസ്മരിക്കപ്പെടുന്നു. മതത്തിന്റെയോ ഭാഷയുടെയോ സാമൂഹ്യവർഗത്തിന്റെയോ മറ്റു തിരിച്ചറിയപ്പെടുന്ന എന്തിന്റെയെങ്കിലുമോ പേരിലുള്ള ഭൂരിപക്ഷത്തോട് കൂടുതൽ അടുപ്പം കാണിക്കാനുള്ള വ്യഗ്രത ഒഴിവാക്കുകയാണ് നവജനാധിപത്യ വ്യവസ്ഥകൾ നിലനിൽപ്പിനായി ചെയ്യേണ്ടത്. ഇന്ത്യയിലും ബ്രസീലിലും ജനാധിപത്യത്തിന്റെ അതിജീവനത്തിന് കാരണമായത് ഭരണകൂടങ്ങൾക്കുള്ള അധികാര നിയന്ത്രണവും പൗരാവകാശങ്ങൾക്കുള്ള ഉറപ്പുമായിരുന്നു എന്നാണ് വിലയിരുത്തൽ. എന്നാൽ ഇപ്പോൾ ഇതിലെത്രമാത്രം യാഥാർത്ഥ്യമുണ്ടെന്ന് ചിന്തിക്കേണ്ടതാണ്. അകക്കാമ്പുള്ള ഭരണഘടന ദീർഘസ്ഥിരത മാത്രമല്ല ന്യൂനപക്ഷങ്ങളുടെ പ്രതികൂല സ്വഭാവത്തെ ഇല്ലാതാക്കുകയും ചെയ്യും.ജനാധിപത്യം ഇല്ലാതാകുന്നതിന്റെ ആദ്യ സൂചനകളിലൊന്ന് ഏതുവിധേനയും അധികാരം ഉറപ്പിക്കാനുള്ള ശ്രമങ്ങളാണ്. ഉദാഹരണത്തിന് അധികാരത്തിലെത്തിയ ഉടൻ ഈജിപ്തിലെ മുർസി ചെയ്തത് പാർലമെന്റിൽ മുസ്ലീം ബ്രദർഹുഡ് അനുയായികളെക്കൊണ്ട് നിറയ്ക്കുകയായിരുന്നു. യുക്രയിൻ പാർലമെന്റിന്റെ അധികാരം വെട്ടിക്കുറച്ചാണ് യനുകോവിച്ച് അധികാരം ഊട്ടിയുറപ്പിച്ചത്. പുടിന്റെ സ്വേച്ഛാധിപത്യം പാർലമെന്റിൽ മാത്രം ഒതുങ്ങുന്നില്ല. ഉഗാണ്ടയുടെ പ്രസിഡന്റ് യുവേറിമുസേവനി ഭരണഘടന പരിഷ്കരിച്ച് തന്റെ കാലാവധി കൂട്ടിയെന്നു



മാത്രമല്ല സ്വവർഗ്ഗാനുരാഗികൾക്ക് ശിക്ഷ നൽകുന്ന നിയമം നടപ്പാക്കുകയും ചെയ്തു. ഇങ്ങനെ അപക്വമായി പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്ന പല തീരുമാനങ്ങളും ജനാധിപത്യ വിരുദ്ധരായ ഭരണാധികാരികൾ സ്വീകരിക്കാറുണ്ട്. അധികപക്ഷം പിന്തുണയ്ക്കുന്നതോടെ ഭരണകർത്താക്കൾ ജനാധിപത്യ വഴിയിൽ നിന്ന് വ്യതിചലിച്ചുതുടങ്ങും. പുതിയ ജനാധിപത്യ സംവിധാനങ്ങളുടെ രൂപകർത്താക്കൾ കണിശമായും ഗ്രഹിക്കേണ്ടതുകൂടിയാണ് ഇത്. നോട്ട് അസാധുവാക്കൽ ഉൾപ്പെടെയുള്ള മോദി സർക്കാരിന്റെ പല പദ്ധിതകളും ഈ അർത്ഥത്തിൽ കാണാവുന്നതാണ്. ആഗോളവരത്ക്കരണവും ഡിജിററൽ വിപ്ളവവും ജനാധിപത്യത്തിൽ നിർണ്ണായകമാണ്. പല രാഷ്ട്രീയ സംവിധാനങ്ങളും ഈ വിപ്ളവകരമായ മാറ്റങ്ങൾക്കനുസിച്ച് നവീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ, ചില രാജ്യങ്ങൾ ഇത്തരമൊരു മാറ്റത്തിന്റെ പാതയിലാണ്.

അമേരിക്കൻ സെനറ്റ് ആധുനിക കാലത്തെ ജനാധിപത്യപരമായ കാതലായ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. യൂറോപ്യൻ പാർലമെന്റിലും ആശാവഹമായ ചില മുന്നേറ്റങ്ങൾ നടക്കുന്നു. രണ്ടാമത്തെ അമേരിക്കൻ പ്രസിഡന്റായ ജോൺ ആഡംസ് പറഞ്ഞത് ജനാധിപത്യം അധികനാളുണ്ടാകില്ലെന്നും അത് മലിനമായി ശോഷിച്ച് സ്വഹത്യയ്ക്കൊരുങ്ങുമെന്നാണ്. എന്നാൽ അങ്ങനെ ആത്മഹത്യയ്ക്കൊരുങ്ങിയ ഒരു ജനാധിപത്യ വ്യവസ്ഥിതിയെയും ലോകത്ത് കാണാനില്ല. ആശയസംഹിതകളിൽ ഇന്നും ജനാധിപത്യം തന്നെയാണ് പ്രഥമം.

**മലയാളം**

**2016 ഡിസംബർ 19**

♦♦♦♦♦



# Buying Wombs and Babies

**Dola Mitra and Arushi Bedi**

Atop the first floor balcony of a two-storey house in Bhaduria. a small town in West Bengal's North 24 Parganas district, a decaying facade has the following Bengali words etched in cement: "Niraash aadharey khoda ... Tumi hey aashar noor (In this hopeless gloom, you are the only ray of hope)." Below it, a large signboard reads: "Sohan Nursing Home and Polyclinic." The privately owned clinic, locals tell Outlook, had built quite a reputation in the neighbourhood as a philanthropic establishment specialising in "unwanted pregnancies"-helping "unwed mothers" give birth. For many women from poor families who had few options except such clinics, it would indeed have seemed like a "ray of hope". The shutter came crashing down after a ClD (Criminal Investigation Department) team raided the place late on November 21 and claimed to have busted a baby-trafficking racket.

According to the ClD, the West Bengal Police's detective wing, the sleuths first arrested a local-midwife Najma Bibi, who was indirectly associated with the nursing home, and she led them to the premises where three babies were found, all less than one year old. Two had allegedly been packed inside a cardboard box, and seemed ready to be trafficked out. The police were able to find the parents of the third and returned the baby to them.

The nursing home was owned by Asaduzzaman, who was arrested along with a doctor. The interrogation that followed, police say, unearthed an elaborate network of nursing homes, NGOs and adoption agencies. In the days since Najma's arrest, nearly a dozen babies-most of them malnourished and suffering from diseases related to lack of proper care have been rescued from various nursing homes and NGOs across the state and beyond. The police suspect that



many infants could have been trafficked outside the country in the three years that the racket has been in operation, Investigators claim to have found two babies inside makeshift graves in the backyard of Sujit Dutta Memorial Welfare Trust, an NGO in the nearby town of Machlandapur. The babies must have died while they were being trafficked from the nursing home and the police infer that the Trust was a sort of “first stop” on the trafficking route. Three more bodies were found abandoned in a field outside Calcutta and the police suspect they were killed by the traffickers.

“We suspect this is just the tip of the iceberg,” says Ananya Chakraborti, chairperson, West Bengal Commission for protection of Child Rights. Working alongside the Cl D in the case, she says they are probing the possibility of the racket being linked to bigger international trafficking networks. Another source, who didn’t want to be named, shows Outlook a video clip of a row of babies said to be lying dead somewhere in Thailand. “They were killed and their organs sold,” claims the source. “While, on the face of it, the racket busted in Bengal seems to be about luring unwed mothers to sell their newborn-so the adoptive parents are as much to blame there is surely more to it.”

Cut to Shakurpur village, a small industry hub on the outskirts of Delhi where many nursing homes and placement agencies are also located. One such placement agency is accused of having brought three minor girls from a village in Orissa’s Dhenkanal district in 2015. The girls were promised employment but ended up in sex work. “When they became pregnant, those who had brought them to Delhi “persuaded” them to give away their babies for Rs 10,000 each and allegedly sold each baby for Rs 3 lakh in the name of adoption,” says Rakesh Senger of the Bachpan Bachao Andolan, an NGO that participates in rescuing women and children trapped in such situations. A case was filed in September and investigations are on.



